## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 561 27.9.2011-ൽ മറുപടിക്ക്

### ജൈവസംസ്കരണം അസാധ്യമായ വസ്തുക്കൾമൂലമുണ്ടാകുന്ന ദോഷങ്ങൾ പ്രതിരോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) പ്ലാസ്റ്റിക് ഉല്പന്നങ്ങളും മറ്റ് ജൈവസംസ്കരണം അസാധ്യമായ വസ്തുക്കളും ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന സ്ഥാപനങ്ങൾ ഇവയുടെ ഉപയോഗ ശേഷം ഉപഭോക്താക്കൾ തിരികെ നൽകുമ്പോൾ സ്വീകരിച്ച് ജനങ്ങൾക്ക് ദോഷകരമല്ലാത്തവിധം സംസ്കരിക്കുന്നതിനോ റീസൈക്കിൾ ചെയ്യുന്നതിനോ ഉള്ള ഉത്തരവാദിത്വം കൂടി ഏറ്റെടുക്കാൻ നിർദ്ദേശം നൽകാറുണ്ടോ ; | എ) പ്ലാസ്റ്റിക് ഉൽപന്നങ്ങളും മറ്റ് ജൈവസംസ്കരണം അസാധ്യമായ വസ്തുക്കളും ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന സ്ഥാപനങ്ങൾ ഇവയുടെ ഉപയോഗ ശേഷം ഉപഭോക്താക്കൾ തിരികെ നൽകുമ്പോൾ സ്വീകരിച്ച് ജനങ്ങൾക്ക് ദോഷകരമല്ലാത്തവിധം സംസ്കരിക്കുന്നതിനോ റീസൈക്കിൾ ചെയ്യുന്നതിനോ ഉള്ള ഉത്തരവാദിത്വം ഉൾപ്പെടുത്തി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം പരിസ്ഥിതി നിയമപ്രകാരം 2011 ഫെബ്രുവരി 4ന് പ്ലാസ്റ്റിക് മാലിന്യപരിപാലന കൈകാര്യ ചട്ടങ്ങൾ 2011 വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന നിയന്ത്രണങ്ങളാണ് ഉള്ളത്.<br>1. 40 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾക്ക് ദേശവ്യാപകമായ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>2. പാൻപരാഗ്, പുകയില, പാക്ക് തുടങ്ങിയവ പ്ലാസ്റ്റിക് കവറുകളിൽ പായ്ക്ക് ചെയ്ത് വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. പാഴ് പ്ലാസ്റ്റിക് സഞ്ചികൾ ഉൽപാദകരുടെ സഹകരണത്തോടെ (എക്സ്റ്റൻഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി) ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും പുനചംക്രമണത്തിന് നൽകുന്ന സംവിധാന |

നിലവിൽ വരുത്തണമെന്നും മുകളിൽ പ്പറഞ്ഞ ചട്ടങ്ങൾ വിവരിക്കുന്നുണ്ട്.

**ബി) ഇത്തരം സ്ഥാപനങ്ങളും വ്യക്തികളും തങ്ങളുടെ ലാഭത്തിനുവേണ്ടി ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ ഭാവിയിൽ നമ്മുടെ നാടിനെ ഒരു മാലിന്യകൂമ്പാരമാക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;**

ബി) ശ്രദ്ധിച്ചിട്ടുണ്ട്.

**സി) ഈ സാഹചര്യത്തെ പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?**

സി) കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 2011ലെ പ്ലാസ്റ്റിക് മാലിന്യപരിപാലന കൈകാര്യ ചട്ടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ നിർദ്ദേശം നൽകാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ